**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ പ്രതിരോധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വന്യമൃഗ ആക്രമണം ഉണ്ടാകുന്ന വയനാട്ടിൽ കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ വന്യമൃഗ പ്രതിരോധത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി വന്യമൃഗ പ്രതിരോധത്തിനായി കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ ചുവടെപ്പറയുന്ന പദ്ധതികൾ വയനാട് വനമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>വയനാട് ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി 12/03/2024 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 129/2024/വനം പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ വയനാട് സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിൽ ഈസ്റ്റേൺ സർക്കിൾ സി.സി.എഫ് പ്രസ്തുത ചുമതല വഹിക്കുന്നു.<br><br>വയനാട് ജില്ലയിൽ കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ പുതിയതായി 4.59 കി.മീ. ആനക്കിടങ്ങ്, 0.38 കി.മീ ആനമതിൽ, 11 കി.മീ. സൗരോർജ്ജ വേലി, 15.91 കി.മീ. ക്രാഷ് ഗാർഡ് വേലി, 32.16 കി.മീ. സൗരോർജ്ജ തൂക്കുവേലി, 10 കി.മീ. റെയിൽ ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 5.663 കി.മീ ആനക്കിടങ്ങ്, 0.331 കി.മീ. ആന മതിൽ, 61.95 കി.മീ. സൗരോർജ്ജ വേലി എന്നിവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>വയനാട് ജില്ലയിൽ വന്യജീവി സംഘർഷ നിവാരണത്തിനായി പുതിയതായി സർക്കാർ അനുവദിച്ച ഒരു RRT ഉൾപ്പെടെ മൂന്ന് സ്ഥിരം RRT കളെയും അഞ്ച് താൽക്കാലിക RRT കളെയും വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ |

വിട്ടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നവയടക്കം സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

ജനവാസമേഖലകളിൽ എത്തിപ്പെട്ടതുമൂലവും പരിക്കേറ്റ നിലയിലും പിടികൂടപ്പെടുന്ന കടുവകളെ പരിചരിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനുമായി വയനാട് ജില്ലയിലെ കുപ്പാടിയിൽ ആനിമൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു.

ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

വയനാട് ജില്ലയിലെ വന്യജീവി സംഘർഷം ലഘൂകരിക്കുന്നത് സംബന്ധിച്ച യോഗത്തിന്റെ തുടർനടപടിയായി വയനാട് സൗത്ത്, നോർത്ത്, വൈൽഡ് ലൈഫ് ഡിവിഷനുകളിൽ വന്യമൃഗ സാന്നിദ്ധ്യത്തെകുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ഫെൻസിങ് അറ്റകുറ്റപണികൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി പ്രദേശവാസികളെയും ജനപ്രതിനിധികളെയും സ്റ്റാഫിനെയും ഉൾപ്പെടുത്തി വാട്ട്സ്ആപ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ പഞ്ചായത്ത് തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വയനാട് ജില്ലയിൽ ആകെ 78 വാട്സ്ആപ്പ് ഗ്രൂപ്പുകളിലായി 6310 അംഗങ്ങളുണ്ട്

വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന

ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

ജില്ലയിലെ ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി 3 ഡിവിഷൻ തല കൺട്രോൾ റൂമുകൾ (Division Emergency Operations Centre – DEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

വയലുകളുടെ പുനഃസ്ഥാപനവും പരിപാലനവും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന് പ്രഥമ പരിഗണന നൽകുകയും കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവർത്തികൾ വിവിധ ലാൻഡ്സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു. ഇതിൽ 8.69 കോടി രൂപ വയനാട് ജില്ലയിലെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളതാണ്.

വയനാട് ജില്ലയിലെ സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

"മിഷൻ സോളാർ ഫെൻസിംഗ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന കർമ്മ പദ്ധതി വയനാട് ജില്ലയിൽ ഉൾപ്പെടെ നടപ്പിലാക്കുകയുണ്ടായി.

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്,

ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

വയനാട് ജില്ലയിൽ പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫ് രാപ്പകൽ പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.

സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതിലൊരു സുപ്രധാന ലാൻഡ് സ്കേപ്പാണ് വയനാട്.

നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

| | | | |
|---|---|---|---|
| | | | ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25/02/2024 ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.<br><br>കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി.<br><br>ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ബി) | വന്യമൃഗ പ്രതിരോധത്തിനായി കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ അടുത്ത അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കുന്നതിനായി 620 കോടി (60:40 അനുപാതത്തിൽ) രൂപയുടെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി 07/09/2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22/11/2021 ൽ ബഹു. കേരള വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രി ബഹു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച പദ്ധതിയെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് 12/01/2023 ലെ DO No. NA-13/16/2020-NA (Pt) നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി അർദ്ധ ഔദ്യോഗിക കത്തിൽ നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിവ മുഖാന്തിരം സംസ്ഥാനവുമായി ചെലവ് പങ്കിടുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും, ടി പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള വിധത്തിലുള്ള ദീർഘകാല സുസ്ഥിര പദ്ധതികൾക്ക് ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ച് വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും വിഭവസമാഹരണം നടത്തണമെന്നും ബഹു. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി അറിയിച്ചിരുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലും സംസ്ഥാന പദ്ധതിയായ 2406-02-110-09 Measures to Reduce Man-Animal Conflict & 2406-01-800-92 Relief to Victims എന്നിവയിലുമാകുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾക്ക് മാത്രം ഉള്ളവയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാകുന്നു. വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽ സൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മാത്രം ഉള്ളതാകുന്നു. ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരുവർഷം 3493 ലക്ഷം രൂപ ലഭിച്ചുവരുന്നു. |
| (സി) | 2021 മുതലുള്ള കാലയളവിൽ എം.എൽ.എ./എം.പി. ഫണ്ട് ഏതെങ്കിലും വിധത്തിൽ പ്രസ്തുത | (സി) | 2021 മുതലുള്ള കാലയളവിൽ വയനാട് ജില്ലയിൽ എം.എൽ.എ./എം.പി. ഫണ്ട് പ്രയോജനപ്പെടുത്തി |

| | | | |
|---|---|---|---|
| | ആവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

| വർഷം | നടപ്പിലാക്കിയ പ്രവൃത്തി | അറ്റകുറ്റപ്പണി ചെയ്തവ |
|---|---|---|
| 2018-19 | ആനക്കിടങ്ങ് - 3.85 കി.മീ. | ആനക്കിടങ്ങ് - 1.73 കി.മീ |
| | | ആന മതിൽ - 1 6 മീ. |
| | | സൗരോർജ്ജ വേലി - 19.5 കി.മീ. |
| 2019-20 | | ആനക്കിടങ്ങ് - 0.26 കി.മീ. |
| | ആന മതിൽ - 0.19 കി.മീ | ആന മതിൽ - 0.03 കി.മീ. |
| | സൗരോർജ്ജ വേലി - 3.3 കി.മീ. | സൗരോർജ്ജ വേലി - 13.2 കി.മീ. |
| | റെയിൽ ഫെൻസിംഗ് - 10 കി.മീ. | |
| 2020-21 | | ആനക്കിടങ്ങ് - 0.514 കി.മീ |
| | | ആന മതിൽ - 0.08 കി.മീ. |
| | സൗരോർജ്ജ വേലി - 4 കി.മീ. | സൗരോർജ്ജ വേലി - 4.75 കി.മീ. |
| 2021-22 | ആനക്കിടങ്ങ് - 0.74 കി.മീ. | ആനക്കിടങ്ങ് - 0.93 കി.മീ. |
| | ആന മതിൽ - 0.19 കി.മീ. | ആന മതിൽ - 0.17 കി.മീ. |
| | സൗരോർജ്ജ വേലി - 3.7 കി.മീ. | |
| | ക്രാഷ്ഗാർഡ് വേലി - 15.91 കി.മീ. | |
| 2022-23 | | ആനക്കിടങ്ങ് - 1.83 കി.മീ. |
| | | സൗരോർജ്ജ വേലി - 10.5 കി.മീ |
| | സൗരോർജ്ജ തൂക്ക് വേലി - 14 കി.മീ | |
| 2023-24 | | ആനക്കിടങ്ങ് - 0.263 കി.മീ. |
| | | ആന മതിൽ - 0.015 കി.മീ. |
| | സൗരോർജ്ജ തൂക്ക് വേലി - 8.2 കി.മീ | |
| 2024-25 | | ആനക്കിടങ്ങ് - 0.136 കി.മീ. |
| | | ആന മതിൽ - 0,02 കി.മീ. |
| | സൗരോർജ്ജ തൂക്ക് വേലി - 9.96 കി.മീ | സൗരോർജ്ജ വേലി - 14 കി.മീ |

അനുബന്ധം-2

| വർഷം | പ്രവൃത്തി | തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 2020-21 | ഇല്ല | ഇല്ല | |
| 2021-22 | | | |
| 2022-23 | സൗരോർജ്ജ തൂക്ക് വേലി - 19.62 കി.മീ. | 97.37 | MLA ഫണ്ട് |
| 2023-24 | സൗരോർജ്ജ തൂക്ക് വേലി - 8.8 കി.മീ. | ബിൽ തയാറായിട്ടില്ല | MLA ഫണ്ട് |
| | അനിമൽ ആംബുലൻസ് വാങ്ങിയത് | 15 | MP ഫണ്ട് |
| 2024-25 | ഇല്ല | ഇല്ല | |